Day 6 of 90 days ✝✝✝ 31st October 2017

ദാവീദ് വീണ്ടും പറയുന്നു, ‘ എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിക്കുകയും നീതിപാതകളിൽ നടത്തുകയും ചെയ്യുന്നു.’ നമ്മെ അലട്ടുകയും മററും ചെയ്യാവുന്ന എല്ലാ സാഹചര്യങ്ങളിൽ നിന്നും നമ്മെ അകററി നീതിയുടെ പാതകളിൽ തന്നെ നടത്തുന്നു എന്നതാണ്. കർത്താവ് നമ്മുടെ ഇടയനായിക്കുന്ന അനുഭവത്തിൽ നാം എത്രയുംവേഗം എത്തിച്ചേരണം. ദാവീദ് കർത്താവിനോട് പറയുന്നത്, ‘നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.’ കർത്താവ് കൂടെയുള്ളതിനാൽ, താൻ യാതൊരു അനർത്ഥവും ഭയപ്പെടുകയില്ലെന്നും ഉറപ്പിച്ചു പറയുന്നു.

ക്രിസ്ത്യാനിത്വത്തെ സംബന്ധിച്ച ഏററവും വലിയ പ്രത്യേകത, മററൊരു മതത്തിലും കാണുവാൻ കഴിയാത്ത ഒരു വിലയേറിയ വാഗ്ദത്തം ഇതിൽ കാണുവാൻ കഴിയുന്നു. തന്റെ ശിഷ്യന്മാരെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്യുന്ന യേശുവിന്റെ മുമ്പിൽ നിന്ന ശിഷ്യന്മാരോട് യേശു പറഞ്ഞത്, ‘ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്.’ ലോകത്തിൽ അറിയപ്പെടുന്ന ഏതൊരു മതത്തെയും പരിശോധിച്ചാൽ, ഇപ്രകാരം ഒരു വാഗ്ദത്തം കാണുവാൻ കഴിയുകയില്ല. ഈവിധവാഗ്ദത്തം ക്രിസ്ത്യാനിത്വത്തിൽ മാത്രമേ കാണുവാൻ കഴിയുകയുള്ളു. നമ്മുടെ യേശു ജീവിക്കുന്ന രക്ഷിതാവ് മാത്രമല്ല, ജീവിപ്പാൻ നമ്മെ സഹായിക്കുന്ന രക്ഷിതാവും കൂടെയാണ്. ‘ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും’ എന്നു ഉറപ്പിച്ചു പറഞ്ഞ രക്ഷിതാവാണ് അവൻ. അവൻ ഇപ്പോഴും നിങ്ങളോടുകൂടെയുണ്ട്.

ഒന്നാം വാക്യത്തിൽ ഇടയനായി പ്രത്യക്ഷപ്പെട്ട കർത്താവ് നാലാം വാക്യത്തിൽ നമ്മുടെ നടത്തിപ്പുകാരനും രക്ഷകനുമായി വെളിപ്പെടുകയാണ്. എല്ലാ ഇടയന്മാരും എപ്പോഴും ആടുകളോടു കൂടെയിരിക്കണമെന്നില്ല, ഉണ്ടായിരിക്കുകയുമില്ല. എന്നാൽ ഈ നല്ല ഇടയൻ എപ്പോഴും ആടുകളോടു കൂടെയിരുന്ന് അവയെ സംരക്ഷിക്കുന്നവനാണ്. അവൻ ഒരിക്കലും നമ്മെ വിട്ടുപിരിയുകയില്ല. നമ്മുടെ ജീവിതയാത്രയിൽ നമ്മെ അലട്ടുവാനും ആക്രമിക്കുവാനും എതിർക്കുവാനും തകർക്കുവാനും സദാസന്നദ്ധനായി നമ്മെ പിൻതുടർന്ന് കൊണ്ടിരിക്കുന്ന ഒരു ശത്രുവുണ്ട്. ആ ശത്രുവാണ് സാത്താൻ. നമ്മെ ഏതുവിധേനയും ആക്രമിച്ച് തകർക്കുക എന്നതാണ് അവന്റെ ലക്ഷ്യം.

തുടരും....